**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2955** **12-07-2022 - ൽ മറുപടിയ്ക്ക്**

**എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ , ശ്രീ വി ശശി, ശ്രീ ജി എസ് ജയലാൽ , ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന മത്സ്യകേരളം പദ്ധതിയുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന സുഭിക്ഷ കേരളം ജനകീയ മത്സ്യ കൃഷി പദ്ധതിയുടെ പുരോഗതി ഫിഷറീസ് വകുപ്പ് മന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് അവലോകനം നടത്തിയിട്ടുണ്ട്. മേഖല തലത്തിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ ജില്ലാ ഓഫീസർമാരും പദ്ധതി അവലോകനം നടത്തി വരുന്നുണ്ട്. |
| (ബി) | എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കുന്ന മത്സ്യകൃഷി വ്യാപന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (സി) | ചെറുകിട മത്സ്യ കർഷകർക്ക് ആവശ്യാനുസരണം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ചെറുകിട മത്സ്യകർഷകർക്ക് ആവശ്യാനുസരണം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷത്തിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നേഴ്സറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൊത്തം വകയിരുത്തലിൽ 1000 ലക്ഷം രൂപ പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായും 500.00 ലക്ഷം രൂപ കർഷകർക്ക് വീട്ടുവളപ്പിൽ മത്സ്യ വിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്ന തിനുമാണ് വകയിരുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | മതിയായ അളവിൽ ഗുണമേൻമയുള്ള മത്സ്യവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മത്സ്യവിത്തുകളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ പരമ്പരാഗത ശുദ്ധജല മത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിനും ഇവയെ വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ പരമ്പരാഗത ശുദ്ധജല മത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിനായി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യലഭ്യത ഉറപ്പ് വരുത്തുന്നതിനും, ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനും വേണ്ടി ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്), പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, നാരൻചെമ്മീൻ, പൂമീൻ തുടങ്ങിയ 366.50 ലക്ഷം മത്സ്യ/ ചെമ്മീൻകുഞ്ഞുങ്ങളെ സംസ്ഥാനത്തെ 93 ഇടങ്ങളിലെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്.<br><br>കൂടാതെ അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ഷോളയാർ (ലോവർ) പെരിങ്ങൽകുത്ത് തുടങ്ങിയ റിസർവോയറുകളിൽ വംശനാശ ഭീഷണി നേരിടുന്നത് ഉൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട 18.76 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു വേണ്ടി 150 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി. പരമ്പരാഗത മത്സ്യങ്ങളുടെ വ്യാപനത്തിനായി നടപ്പ് വർഷം 500 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപയുടെ പിന്നാമ്പുറ മത്സ്യവിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 2

**ഉൾനാടൻ മത്സ്യവികസനത്തിൽപ്പെടുത്തി ഭരണാനുമതി നൽകിയ ഹാച്ചറി/ മത്സ്യവിത്ത് ഫാം**

| ക്രമ നം. | ഹാച്ചറി/മത്സ്യവിത്ത് ഫാം | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ഫിഷ് സീഡ് ഫാം, തളിപ്പുഴ | 160.50 |
| 2. | നാഷണൽ ഫിഷ് സീഡ് ഫാം, നെയ്യാർ (മൂന്നാം ഘട്ടം) | 746.00 |
| 3. | ഫിഷ് സീഡ് ഫാം, കണാർത്താർകുന്ന് | 450.00 |
| 4. | ഫിഷ് സീഡ് ഫാം, കുളത്തുപ്പുഴ (രണ്ടാം ഘട്ടം) | 500.00 |
| 5. | ബ്രൂഡ് ബാങ്ക്, എടത്വാ | 148.80 |
| 6. | ബ്രാക്കിഷ് വാട്ടർ ഫിൻഫിഷ് റീയറിംഗ് യൂണിറ്റ്, അഴീക്കോട് (ഒന്നാം ഘട്ടം) | 217.00 |
| 7. | ബ്രാക്കിഷ് വാട്ടർ ഫിൻഫിഷ് റീയറിംഗ് യൂണിറ്റ്, അഴീക്കോട് (രണ്ടാം ഘട്ടം) | 860.00 |
| 8. | ഫിഷ് സീഡ് ഫാം, പീച്ചി (മൂന്നാം ഘട്ടം) | 254.00 |
| 9. | ഫിഷ് സീഡ് ഫാം, പീച്ചി (നാലാം ഘട്ടം) | 465.00 |
| 10. | പേൾസ്പോട്ട് സീഡ് റിയറിംഗ് യൂണിറ്റ്, പൊയ്യ | 293.00 |
| 11. | മസ്സൽ & മറൈൻ ഫിൻഫിഷ് ബ്രൂഡ് ബാങ്ക്, പുതിയങ്ങാടി | 500.00 |
| 12. | സ്കാമ്പി ഹാച്ചറി, വളഞ്ഞവഴി, ആലപ്പുഴ | 176.20 |
| | ആകെ | 4770.50 |

**RIDF-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഹാച്ചറി/ മത്സ്യവിത്ത് ഫാം**

| ക്രമ നം. | ഹാച്ചറി/മത്സ്യവിത്ത് ഫാം | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ഫിൻഫിഷ് റിയറിംഗ് യൂണിറ്റ്, ഓടയം | 180.00 |
| 2. | ഗിഫ്റ്റ് ഹാച്ചറി, നെയ്യാർ | 500.00 |
| 3. | ഗിഫ്റ്റ് ഹാച്ചറി, പന്നിവേലിച്ചിറ | 500.00 |
| 4. | ഇൻഡോർ ഹാച്ചറി ഫെസിലിറ്റി, എരഞ്ഞോളി | 163.00 |
| 5. | ഫിഷ് സീഡ് ഫാം, കാരാപ്പുഴ | 170.00 |
| 6. | ഫിഷ് സീഡ് ഫാം, ഭൂതത്താൻകെട്ട് | 1120.00 |
| 7. | നൈൽ തിലാപ്പിയ ഹാച്ചറി, കുളത്തുപ്പുഴ | 1121.00 |
| | ആകെ | 3754.00 |

കൂടാതെ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് 1880 ലക്ഷം രൂപ ചെലവിൽ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനും, ഇടുക്കി ജില്ലയിലെ ചെങ്കുളത്തും, കോട്ടയം ജില്ലയിലെ പള്ളത്തും 1490.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന രണ്ട് മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിനും, തിരുവനന്തപുരം ജില്ലയിലെ ഓടയത്തും, കണ്ണൂർ ജില്ലയിലെ മാപ്പിളബേയിലുമായി രണ്ട് സമുദ്ര മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് 2,041.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതികളും സർക്കാരിന്റെ പരിഗണനയിലാണ്.

**അനുബന്ധം 1**

എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം എന്ന ക്യാമ്പയിന്റെ ഭാഗമായി വിവിധ മത്സ്യകൃഷി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി 2021-22 സാമ്പത്തികവർഷം സുഭിക്ഷകേരളം, ജനകീയ മത്സ്യകൃഷി പദ്ധതിയ്ക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് വിവിധ മത്സ്യകൃഷിരീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു വരുന്നു. ഇതിൽ ഉൾപ്പെടുത്തി 1338.41 ha പൊതുകുളങ്ങളിലും 2784 ha സ്വകാര്യ കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ നാടൻ മത്സ്യങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി നിക്ഷേപിക്കുന്നതിനും അതുവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കി. ഇതിനായി 2021-22 സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 366.50 ലക്ഷം കാർപ്പ്, ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻചെമ്മീൻ, പൂമീൻ തുടങ്ങിയ മത്സ്യ / ചെമ്മീൻകുഞ്ഞുങ്ങളെ 93 ഇടങ്ങളിലെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിച്ചു. 2022 -23 സാമ്പത്തിക വർഷത്തിൽ ജില്ലാ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെട്ട ജലാശയങ്ങളിൽ മത്സ്യ കുഞ്ഞു നിക്ഷേപം ഉൾപ്പെടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി 463 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

റിസർവോയറുകളിലെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, തുടങ്ങിയ റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നത് ഉൾപ്പെടെയുള്ള തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. ഇതിനായി 2021-22 സാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2022 -23 സാമ്പത്തിക വർഷത്തിൽ റിസർവോയർ പദ്ധതിയ്ക്ക് വേണ്ടി 200 ലക്ഷം രൂപയുടെ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. അഡാക്ക് മുഖേന 2021-22 ൽ ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ PMMSY പദ്ധതി യിലുൾപ്പെടുത്തി 16 കോടി രൂപ ചെലവിലും റീബിൽഡ് കേരള പദ്ധതി വഴി 3.2 കോടി രൂപ ചെലവിലും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷിയും നടപ്പിലാക്കി പൂർത്തീകരിച്ചു. അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുപരി 2022-23 സാമ്പത്തികവർഷത്തിൽ മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.